**കേരള സർക്കാർ**

**സംഗ്രഹം**

വാട്ടർ മെട്രോ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി കുമ്പളം, കടമക്കുടി, മുളവുകാട്, ചേരനല്ലൂർ, ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള ഭൂമിയുടെ ഉപയോഗം - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് പെർമിസീവ് സാങ്ഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 744/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം : 28. 03 .2019

പരാമർശം :- 1. 13.06.2016 തീയതിയിലെ സ.ഉ. (കൈ) നം. 44/2016/ഗതാഗതം.

2. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 29.12.2018 ൽ ചേർന്ന യോഗ തീരുമാനം.

3. കൊച്ചി മെട്രോ റയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 28.02.2019 ലെ KMRL/ WM/ Corres Stakeholder/F-33/ 54-19 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സർക്കാർ കൊച്ചിയിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വാട്ടർ മെട്രോ പ്രോജക്റ്റിന്റെ നിർവ്വഹണത്തിന്റേയും നടത്തിപ്പിന്റേയും ചുമതല പരാമർശം (1) ഉത്തരവ് പ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനാണ് (കെ.എം.ആർ.എൽ.) ഏൽപ്പിച്ചു നൽകിയിട്ടുള്ളത് . ടി പദ്ധതിയുടെ ഭാഗമായി, നിലവിലുള്ള ബോട്ട് ജെട്ടികൾ വികസിപ്പിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും ആവശ്യമായി വരുന്ന സ്ഥലങ്ങൾ കെ.എം.ആർ.എൽ. കണ്ടെത്തുകയുണ്ടായി. ആയതിൽ ഉൾപ്പെട്ടു വരുന്ന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങൾ ടി പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ മുൻകൂർ അനുമതി ലഭ്യമാക്കിയ ശേഷം പെർമിസീവ് സാങ്ഷൻ നൽകുന്നതിന് പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

2. വാട്ടർ മെട്രോ പദ്ധതിയ്ക്കാവശ്യമായി വരുന്ന, എറണാകുളം ജില്ലയിലെ കുമ്പളം, കടമക്കുടി, മുളവുകാട്, ചേരനല്ലൂർ, ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള വസ്തുക്കൾ, അതാത് സ്ഥലങ്ങളിലെ ജെട്ടികളുടേയും അനുബന്ധപ്രവർത്തികളുടേയും നിർമ്മാണത്തിനായി, ടി വസ്തുക്കളിൽ നിലവിലുള്ള നിർമ്മാണങ്ങളോടും ചമയങ്ങളോടും കൂടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് വിട്ടുനൽകുവാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾ തീരുമാനമെടുത്തിട്ടുള്ളതായി പരാമർശം (3) പ്രകാരം കെ.എം.ആർ.എൽ. മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

| ക്രമ നം. | പഞ്ചായത്ത് | ജെട്ടി | സർവ്വെ നം. | വിസ്തീർണ്ണം (സെൻറ്) |
|---|---|---|---|---|
| 1 | കുമ്പളം | കുമ്പളം | 1/1 | 27.1 |
| 2 | കടമക്കുടി | കടമക്കുടി | 124 pt. | 5.65 |
| 3 | | കോതാട് | 410pt., 426/1 pt. | 12.15 |
| 4 | | പാലിയംതുരുത്ത് | 227pt. | 9.6 |

| | | | | |
|---|---|---|---|---|
| 5 | മുളവുകാട് | പൊന്നാരിമംഗലം | 254/8 | 4 |
| 6 | | മുളവുകാട് നോർത്ത് | 93/2 | 13.96 |
| 7 | | ബോൾഗാട്ടി | 304/1 | 15.8 |
| 8 | ചേരനല്ലൂർ | സൗത്ത് ചിറ്റൂർ | 243/4 | 102.7 |
| 9 | | ചേരനല്ലൂർ | 1/1 | 33.2 |

3. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കുമ്പളം, കടമക്കുടി, മുളവുകാട്, ചേരനല്ലൂർ, ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള, മേൽ പട്ടിക പ്രകാരമുള്ള വസ്തുക്കളുടെ ഉടമസ്ഥാവകാശം അതാത് ഗ്രാമ പഞ്ചായത്തുകളിൽ നിലനിർത്തിക്കൊണ്ട്, വാട്ടർ മെട്രോ പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്തുന്നതിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് പെർമിസീവ് സാങ്ഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മുഹമ്മദ് റിയാസ്**

ഡെപ്യൂട്ടി സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കൊച്ചി മെട്രോ റയിൽ ലിമിറ്റഡ്, 8-ാം നില, റവന്യു ടവർ, പാർക്ക് അവന്യു, കൊച്ചി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കുമ്പളം ഗ്രാമ പഞ്ചായത്ത്.

സെക്രട്ടറി, കടമക്കുടി ഗ്രാമ പഞ്ചായത്ത്.

സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്.

സെക്രട്ടറി, മുളവുകാട് ഗ്രാമ പഞ്ചായത്ത്.

ജില്ലാ കളക്ടർ, എറണാകുളം.

ഗതാഗത (സി) വകുപ്പ് ( Trans-C2/112/2017- Trans നമ്പർ ഫയൽ, 23.01.2019 ലെ Trans-C2/90/2018 നമ്പർ കത്ത് എന്നിവ പ്രകാരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എൽ.ബി.എ / എ & ഇ ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ